REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 21-04-2026** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- നീതിയുക്തവും പുരോഗമന-പരവുമായ രാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ സിവിൽ സർവീസസ് ജീവനക്കാരുടെ സേവനം പ്രധാനമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.
- പശ്ചിമ ബംഗാളിൽ ഒന്നാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിന്റെയും, തമിഴ്നാട് തിരഞ്ഞെടുപ്പിന്റെയും പരസ്യപ്രചാരണം ഇന്ന് അവസാനിക്കും.
- പശ്ചിമേഷ്യൻ സംഘർഷത്തിന്റെ ഭാഗമായ സാമ്പത്തിക പ്രത്യാഘാതങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് റിസർവ് ബാങ്ക് ഗവർണർ.
- US-നും ഇറാനുമിടയിലെ വെടി നിർത്തൽ കരാർ നാളെ അവസാനിക്കാനിരിക്കെ രണ്ടാം വട്ട സമാധാന ചർച്ചയിലെ അനിശ്ചിതത്വം തുടരുന്നു.
- സംസ്ഥാനത്ത് വരും ദിവസങ്ങളിലും കടുത്ത ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

## വാർത്തകൾ വിശദമായി

**ഭരണം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ നീതിയുക്തവും പുരോഗമനപരവുമായ രാഷ്ട്രം കെട്ടിപ്പടുക്കുന്നതിനും സിവിൽ സർവീസസ് ജീവനക്കാരുടെ സേവനം പ്രധാനമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. നൂതനവും, ഭാവിയെ അടിസ്ഥാനമാക്കിയതും, പൗരകേന്ദ്രീകൃതവുമായ നയങ്ങളുടെ രൂപീകരണം മുതൽ ഫലപ്രദമായി**

അവ നടപ്പാക്കുന്നതു വരെ ജീവനക്കാരുടെ പ്രവർത്തനങ്ങൾ ഗണ്യമായി സ്വാധീനിക്കുന്നുണ്ടെന്നും രാഷ്ട്രപതി വ്യക്തമാക്കി.

ദേശീയ സിവിൽ സർവീസസ് ദിനത്തിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ന്യൂഡൽഹിയിൽ സിവിൽ സർവീസസ് ജീവനക്കാരെ അഭിസംബോധന ചെയ്തു. ഗവൺമെന്റ് പദ്ധതികളും നയങ്ങളും താഴെത്തട്ടിൽ നടപ്പിലാക്കുന്നതിൽ സിവിൽ സർവീസിന് വലിയ പങ്കുണ്ടെന്ന് ഉപരാഷ്ട്രപതി പറഞ്ഞു . എല്ല പദ്ധതികളും ഡൽഹിയിൽ നടപ്പിലാക്കാൻ കഴിയുമെന്നും എന്നാൽ അവ വിദൂര ഗ്രാമങ്ങളിൽ കൂടിയെത്തുന്നതോടെയാണ് യഥാർത്ഥ ഫലം ലഭിക്കുന്നതെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

സിവിൽ സർവീസസ് ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി എല്ലാ ജീവനക്കാർക്കും ആശംസകൾ നേർന്നു. ഉയർന്ന നിലവാരത്തിൽ കർത്തവ്യബോധത്തോടെ മികവ്, കാരുണ്യം, നൂതനത്വം എന്നിവയിലൂടെ രാജ്യത്തെ സേവിക്കാൻ കഴിയട്ടെ എന്ന് പ്രധാനമന്ത്രി പറഞ്ഞു. സദ്ഭരണത്തിനും, രാഷ്ട്രനിർമ്മാണത്തിനും പ്രവർത്തിക്കുന്ന ജീവനക്കാരുടെ ദൃഢനിശ്ചയം കൂടുതൽ ശക്തിപ്പെടുത്താൻ അവസരമാണിതെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

സാങ്കേതിക രംഗത്ത് ഇന്ത്യയുടെ വൈദഗ്ദ്ധ്യവും, വേഗവും കൊറിയയുടെ ഹൈടെക് നിർമ്മാണ വൈദഗ്ദ്ധ്യവും സംയോജിപ്പിക്കുന്നതിലൂടെ ഇരു രാജ്യങ്ങളിലെയും യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. ഇന്നലെ രാഷ്ട്രപതി ഭവനിൽ കൊറിയൻ പ്രസിഡന്റ് ലീ ജെയ് മ്യുങ്ങിന് നൽകിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. മനുഷ്യരാശിയുടെ സുസ്ഥിര ഭാവി ഉറപ്പാക്കാൻ ഇന്ത്യയും കൊറിയയും വിവിധ മേഖലകളിൽ സഹകരിച്ചു പ്രവർത്തിക്കണമെന്നും ദ്രൗപതി പറഞ്ഞു.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമു ഒരു ദിവസത്തെ സന്ദർശനത്തിന് ഇന്ന് ഒഡീഷയിൽ എത്തും. റൂർക്കേലയിലെ പ്ലാനറ്റോറിയം ആന്റ് സയൻസ് സെന്ററും നിർമൽ മുണ്ട പരിവേഷ് പാതയും രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. ട്രൈബൽ മ്യൂസിയം ആന്റ് ഇന്റഗ്രേറ്റഡ് കമാന്റ് ആന്റ് കൺട്രോൾ സെന്ററും രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

✪✪✪

കൗണ്ടിംഗ് നടപടിക്രമങ്ങളെപ്പറ്റി സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർക്കും, റിട്ടേണിംഗ് ഓഫീസർമാർക്കും വ്യക്തമായ മാർഗനിർദ്ദേശം നൽകി. വോട്ടിംഗ് യന്ത്രങ്ങൾ സൂക്ഷിച്ചിരിക്കുന്ന സ്ട്രോങ് റൂമുകളോ, തിരഞ്ഞെടുപ്പ് രേഖകൾ വെച്ചിരിക്കുന്ന മുദ്രവെയ്ക്കാത്ത മുറികളോ ഒരു കാരണവശാലും തുറക്കരുതെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഇൻഡക്സ് കാർഡുകൾ തയ്യാറാക്കാനോ, ഡാറ്റാ പരിശോധനയ്ക്കോ ആണെങ്കിൽ പോലും മുറികൾ തുറക്കരുത്. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ സുതാര്യതയും, സുരക്ഷയും, സമഗ്രതയും സംരക്ഷിക്കാൻ എല്ലാ ഉദ്യോഗസ്ഥരും മുന്നോട്ടുവരണമെന്ന് ഡോ. രത്തൻ U കേൽക്കർ നിർദ്ദേശിച്ചു.

✪✪✪

പശ്ചിമ ബംഗാളിൽ ഒന്നാം ഘട്ട നിയമസഭാ തെരഞ്ഞെടുപ്പിന്റെയും, തമിഴ്നാട് തിരഞ്ഞെടുപ്പിന്റെയും പരസ്യപ്രചാരണം ഇന്ന് അവസാനിക്കും. മറ്റന്നാളാണ് വോട്ടെടുപ്പ്.

BJP യുടെ മുതിർന്ന നേതാവും ആഭ്യന്തരമന്ത്രിയുമായ അമിതാ ഷാ സിലിഗുഡിയിലെ സുഖ്നാ സ്പോർട്സ് ഗ്രൗണ്ടിൽ ഇന്ന് BJP റാലിയെ അഭിസംബോധന ചെയ്യും.. പടിഞ്ഞാറൻ ബർദ്ധമാൻ, പടിഞ്ഞാറൻ മേദിനിപ്പൂർ, കിഴക്കൻ മേദിനിപ്പൂർ എന്നിവിടങ്ങളിലെ റാലികളിലും അമിത് ഷാ പ്രസംഗിക്കും.

തൃണമൂൽ കോൺഗ്രസ് നേതാവും മുഖ്യമന്ത്രിയുമായ മമതാ ബാനർജി, ദക്ഷിണ ബംഗാളിലെ ഹാൽദിയ, ബൈരക്പൂർ, ജഗദാൽ, ജോദസഗു, എന്നിവിടങ്ങളിൽ ഇന്ന് പ്രചാരണം നടത്തും.

സുരക്ഷ കണക്കിലെടുത്ത് ഭൂട്ടാൻ, നേപ്പാൾ അതിർത്തികൾ ഇന്നലെ വൈകിട്ട് അടച്ചു. വോട്ടെടുപ്പ് അവസാനിക്കുന്ന മറ്റന്നാൾ വൈകിട്ട് വരെയാണ് അതിർത്തിയിലെ നിയന്ത്രണം.

സ്വതന്ത്രവും നീതിയുക്തവും സമാധാനപരവുമായ തെരഞ്ഞെടുപ്പ് നടത്താൻ ശക്തമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി ബൂത്തുകളിലെ പരീക്ഷണ വെബ്കാസ്റ്റിംഗ് ആരംഭിച്ചു. തിരഞ്ഞെടുപ്പ് പ്രക്രിയ സുതാര്യമാക്കാനും ബൂത്തുതലത്തിൽ വരെ സുതാര്യത ഉറപ്പുവരുത്താനുമാണ് തിരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടി.

തമിഴ്നാട്ടിൽ മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവ് NDA-യ്ക്കായി പ്രചാരണം നടത്തും. ആന്ധ്രാ മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു ഇന്നലെ കോയമ്പത്തൂരിൽ പ്രചാരണം നടത്തി. ആം ആദ്മി പാർട്ടി നേതാവ് അരവിന്ദ് കെജ്‌രിവാൾ, TVK നേതാവ് നടൻ വിജയ്, കമൽഹാസൻ, കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി, DMK നേതാവ് ഉദയനിധി സ്റ്റാലിൻ എന്നിവരും പ്രചാരണത്തിൽ സജീവമാണ്.

തമിഴ്നാട്ടിൽ 234 നിയോജകമണ്ഡലങ്ങളിലേയ്ക്കും വ്യാഴാഴ്ച്ച ഒറ്റ ഘട്ടത്തിലാണ് വോട്ടെടുപ്പ്.

✪✪✪

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ ഭാഗമായ സാമ്പത്തിക പ്രത്യാഘാതങ്ങൾ റിസർവ് ബാങ്ക് സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് RBI ഗവർണർ സഞ്ജയ് മൽഹോത്ര അറിയിച്ചു. വ്യാപാരമേഖലയിലെ ദീർഘകാല വിതരണ തടസ്സങ്ങൾ പണപ്പെരുപ്പത്തിന് കാരണമായേക്കുമെന്ന് അദ്ദേഹം US ലെ പ്രിൻസ്റ്റൺ സർവകലാശാലയിൽ സംഘടിപ്പിച്ച ചടങ്ങിൽ പറഞ്ഞു. ഇന്ത്യൻ ഇറക്കുമതിയുടെ അഞ്ചിലൊന്ന് ഭാഗവും, അസംസ്കൃത എണ്ണ ഇറക്കുമതിയുടെ പകുതിയും, വളം ഇറക്കുമതിയുടെ അഞ്ചിൽ രണ്ടു ഭാഗവും പശ്ചിമേഷ്യയിൽ നിന്നാണെന്ന് സഞ്ജയ് മൽഹോത്ര പറഞ്ഞു. സംഘർഷം തുടരുകയാണെങ്കിൽ വിലക്കയറ്റം തുടരുമെന്നും അദ്ദേഹം മുന്നറിയിപ്പു നൽകി. എന്നാൽ നികുതിനിരക്കിൽ മാറ്റം വരുത്താൻ റിസർവ് ബാങ്ക് തിടുക്കം കാണിക്കില്ലെന്നും RBI ഗവർണർ പറഞ്ഞു.

✪✪✪

മദ്യനയ കേസിൽ അരവിന്ദ് കെജരിവാൾ നൽകിയ പുനഃപരിശോധനാ ഹർജി തള്ളിയ ഡൽഹി ഹൈക്കോടതിയുടെ നടപടി ജുഡീഷ്യറിയെ ആർക്കും ചോദ്യം ചെയ്യാൻ കഴിയില്ലെന്ന സന്ദേശമാണ് നൽകുന്നതെന്ന് ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്ത പറഞ്ഞു. സംസ്ഥാന ഗവൺമെന്റിന് നീതിന്യായ വ്യവസ്ഥയിൽ പൂർണ വിശ്വാസമുണ്ടെന്ന് രേഖാഗുപ്ത ന്യൂഡൽഹിയിൽ മാധ്യമങ്ങളെ അറിയിച്ചു.

✪✪✪

ഇന്ന് ലോക സർഗ്ഗാത്മകത നവീകരണ ദിനം. മാനവ വികാസത്തിന്റെ എല്ലാ വശങ്ങളിലും സർഗ്ഗാത്മകതയുടെയും, നവീകരണത്തിന്റെയും പങ്കിനെക്കുറിച്ച് അവബോധം വളർത്തുന്നതിനാണ് ഐക്യരാഷ്ട്രസഭ ഈ ദിവസം സർഗ്ഗാത്മകത നവീകരണ ദിനമായി ആചരിക്കുന്നത്.

**'ആഗോള പുരോഗതിക്കായി സർഗ്ഗാത്മകത ഉപയോഗപ്പെടുത്തൽ' എന്നതാണ് ഈ വർഷത്തെ പ്രമേയം**

**✪✪✪**

**US-നും ഇറാനുമിടയിലെ രണ്ടാഴ്ചത്തെ വെടി നിർത്തൽ കരാർ നാളെ അവസാനിക്കാനിരിക്കെ രണ്ടാം വട്ട സമാധാന ചർച്ചയിലെ അനിശ്ചിതത്വം തുടരുകയാണ്. ഇരു പക്ഷവും ചില വിഷയങ്ങളിൽ കടുത്ത നിലപാട് സ്വീകരിച്ചതോടെ പശ്ചിമേഷ്യൻ സംഘർഷ സാഹചര്യം കൂടുതൽ സങ്കീർണമായി.**

**അതിനിടെ സംഘർഷം തിടുക്കപ്പെട്ട് അവസാനിപ്പിക്കാൻ അമേരിക്കയ്ക്ക് ആഗ്രഹമൊന്നുമില്ലെന്ന് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞു. ചർച്ചയെപ്പറ്റി ധാരണായായില്ലെങ്കിൽ നാളെയ്ക്കപ്പുറം വെടിനിർത്തൽ നീട്ടുകയില്ലെന്ന് US പ്രസിഡന്റ് വ്യക്തമാക്കി.**

**ഹോർമൂസ് കടലിടുക്കിൽ അമേരിക്കൻ നാവിക സേന ഉപരോധം ശക്തമാക്കിയതോടെ ഇറാൻ റെവല്യൂഷനറി ഗാർഡും അനുമതിയില്ലാതെ മേഖലയിൽ പ്രവേശിക്കുന്ന കപ്പലുകളെ ആക്രമിക്കുമെന്ന് മുന്നറിയിപ്പ് നൽകി.**

**✪✪✪**

**പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് ഈ മാസം 26-ന് രാവിലെ 11ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 133-ാം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും. മൻ കി ബാത്തിലേക്ക് ഈ മാസം 24 വരെ അഭിപ്രായങ്ങളും നിർദേശങ്ങളും പങ്കുവയ്ക്കാം.**

**✪✪✪**

**സംസ്ഥാനത്ത് വരും ദിവസങ്ങളിലും കടുത്ത ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇടുക്കി, വയനാട് ഒഴികെ 12 ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. ഇന്നലെ പാലക്കാട് ജില്ലയിലാണ് ഏറ്റവും ഉയർന്ന താപനില രേഖപ്പെടുത്തിയത് - 40 ഡിഗ്രി സെൽസെഷ്യസ്. കൊല്ലം ജില്ലയിൽ 39 ഡിഗ്രി താപനില രേഖപ്പെടുത്തി. പൊതുജനങ്ങൾ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. ചൂട് കൂടുമ്പോൾ ഇഴജന്തുക്കൾ പുറത്തിറങ്ങാൻ സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.**

**✪✪✪**

സംസ്ഥാനത്ത് നാളെ വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ഇടിമിന്നൽ ജാഗ്രതാ നിർദേശം പുറത്തിറക്കി. ഇടിമിന്നൽ സാധ്യത അറിയാൻ കാലാവസ്ഥ വകുപ്പ് തയ്യാറാക്കിയ 'ദാമിനി' മൊബൈൽ ആപ്പ് ഉപയോഗിക്കാവുന്നതാണ്.

✪✪✪

IPL ക്രിക്കറ്റിൽ  ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക്  ഹൈദരാബാദ് രാജീവ്ഗാന്ധി സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ  ഇന്ന് ചെന്നൈയിൻ FC മുഹമ്മദൻ SC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ചെന്നൈയിലാണ് മത്സരം.

✪✪✪

തേക്കടിയിലെ  പെരിയാർ തടാകത്തിൽ ബോട്ട് യാത്രയ്ക്ക് നിയന്ത്രണമേർപ്പെടുത്തി. ഡാമിലെ ജലനിരപ്പ് താഴുന്നതിനാൽ ബോട്ടുകളിൽ കയറാവുന്ന ആളുകളുടെ എണ്ണം പകുതിയായി കുറച്ചു. വേനൽ ഇനിയും കടുത്താൽ സർവീസുകൾ പൂർണ്ണമായി നിർത്തിവെക്കേണ്ടി വരും.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ.

.....(വോയ്സ്).......

✪✪✪

കേരള കോൺഗ്രസ് ഉന്നതാധികാര സമിതി അംഗം കുളത്തൂർ കുഞ്ഞു കൃഷ്ണപിള്ള നിര്യാതനായി. 82 വയസ്സായിരുന്നു. ഗുരുവായൂർ ദേവസ്വം ഭരണസമിതി  മുൻ അംഗവും, ദീർഘകാലം NSS  പ്രതിനിധിസഭ അംഗവുമായിരുന്നു.

✪✪✪

വേനൽക്കാലത്തോടനുബന്ധിച്ച് രാജ്യവ്യാപകമായി പ്രത്യേക ട്രെയിൻ സർവ്വീസ് നടത്തുമെന്ന് റെയിൽവേ  അറിയിച്ചു.  ജൂലൈ 15 വരെ  908 വേനൽക്കാല പ്രത്യേക ട്രെയിനുകൾ അനുവദിച്ചതായും, 18,262

**വേനൽക്കാല സർവീസുകൾ ഉറപ്പാക്കിയതായും റെയിൽവേ വ്യക്തമാക്കി.**

✪✪✪

**സെൻസസ് 2027ന്റെ പ്രാരംഭ പരിശീലനങ്ങൾക്ക് കോഴിക്കോട് ജില്ലയിൽ തുടക്കമായി. മൂന്ന് ദിവസമാണ് സെൻസസ് നടപടി ക്രമങ്ങളും ഉത്തരവാദിത്തങ്ങളും മൊബൈൽ ആപ്ലിക്കേഷനും ഉൾപ്പെടെ വിഷയങ്ങളിൽ പരിശീലനം നൽകുന്നത്. ജൂൺ 16 മുതൽ 30 വരെ കേരളത്തിൽ സ്വയം വിവരങ്ങൾ നൽകാൻ വെബ് പോർട്ടലിൽ സെൽഫ് എന്യൂമറേഷൻ സംവിധാനം ഏർപ്പെടുത്തിട്ടുണ്ട്. ഇതിന് ശേഷം ജൂലൈ 01 മുതൽ 30 വരെ എന്യൂമറേറ്റർമാർ വീടുകളിലെത്തും.**

---

*News Editor & News Reader : വി കെ സുരേഷ്*
*News Team: അനിൽ ചന്ദ്രൻ, ശ്രുതി എം, രജ്ന കെ*
*DEO: ഷീബ*